# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: **281**

23-03-2015ൽ മറുപടിയ്ക്ക്

## കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി നിരക്ക്

| **ചോദ്യം** | | | **മറുപടി** |
|---|---|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>" ഇ.പി.ജയരാജൻ<br>" പി.ടി.എ.റഹീം<br>" എം. ചന്ദ്രൻ | | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | കാർഷിക മേഖലയിൽ വൈദ്യുതി നിരക്ക് കുത്തനെ വർദ്ധിപ്പിച്ച നടപടി കർഷക സമൂഹത്തെ എത്തരത്തിൽ ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | കാർഷിക മേഖലയിലെ വൈദ്യുതി നിരക്ക് വർദ്ധന കർഷക സമൂഹത്തെ ബാധിച്ചിട്ടില്ല. നിലവിൽ കാർഷിക സൗജന്യ വൈദ്യുതി പദ്ധതി പ്രകാരം കർഷകർ ഉപയോഗിക്കുന്ന വൈദ്യുതിയുടെ ചാർജ്ജ് കൃഷി വകുപ്പാണ് വൈദ്യുതി ബോർഡിൽ ഒടുക്കി വരുന്നത്. ഇത് പ്രകാരം നെൽകർഷകരുടെ വൈദ്യുതി ചാർജ്ജ് ഭൂപരിധി ബാധകമാക്കാതെയും മറ്റു വിളകളുടെ കൃഷിയ്ക്ക് പരമാവധി 2 ഹെക്ടർ വരേയും വൈദ്യുതി സൗജന്യം കൃഷി വകുപ്പ് നൽകി വരുന്നുണ്ട്. |
| (ബി) | കാർഷിക മേഖലയിൽ ഊർജ്ജത്തിന്റെ ആവശ്യകത വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വൈദ്യുതി ചാർജ്ജ് വർദ്ധനയിൽ നിന്നും പിന്തിരിയാൻ കൃഷി വകുപ്പ് സമ്മർദ്ദം ചെലുത്തുമോ; | (ബി) | 2013 ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം കാർഷിക മേഖലയിലെ വൈദ്യുതി കണക്ഷനുകളെ വിവിധ കാറ്റഗറികളിലായി തരം തിരിക്കുകയും ഭക്ഷ്യ വിളകൾക്കും മറ്റ് കൃഷികൾക്കും വിവിധ താരിഫ് നിരക്കുകൾ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. കാർഷിക മേഖലയിലെ വൈദ്യുതി ചാർജ്ജ് വർദ്ധന പുന: പരിശോധിക്കുന്ന കാര്യം ഊർജ്ജ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ് |
| (സി) | ഇല്ലെങ്കിൽ കർഷകർക്ക് ഈയിനത്തിൽ സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുമോ? | (സി) | കൃഷി വകുപ്പ് നിലവിൽ കാർഷിക വൈദ്യുതി സൗജന്യ പദ്ധതി പ്രകാരം കർഷകർക്ക് ആനുകൂല്യം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ